**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1598** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഉദുമ മണ്ഡലത്തിലെ ബേഡഡുക്കയിൽ സ്മാർട്ട് ടി.വി. വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തെ സഹായിക്കുന്നതിന് കെ.എസ്.എഫ്.ഇ. യുടെ ഒ.വി.എസ്. പദ്ധതി, എം.എൽ.എ. ഫണ്ട് എന്നിവ പ്രകാരം ഉദുമ നിയോജകമണ്ഡലത്തിലെ ബേഡഡുക്ക പഞ്ചായത്ത് എത്ര സ്മാർട്ട് ടെലിവിഷനുകളാണ് നൽകിയത്; | (എ) | സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തെ സഹായിക്കുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. യുടെ ഒ.വി.എസ്. പദ്ധതി, എം.എൽ.എ. ഫണ്ട് എന്നിവ പ്രകാരം ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ 115 ടെലിവിഷനുകൾ വിതരണത്തിന് ലഭ്യമാക്കിയതിൽ 110 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. 5 എണ്ണം വിതരണം നടത്തുന്നതിലേക്കായി നിലവിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. |
| (ബി) | ടെലിവിഷനുകളുടെ തുക കെ.എസ്.എഫ്.ഇ. പഞ്ചായത്തിനു കൈമാറിയെങ്കിലും സെക്രട്ടറി ഈ തുക ഇതുവരെ ടെലിവിഷൻ കമ്പനിക്ക് നൽകിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മണ്ഡലത്തിലെ മറ്റ് സെക്രട്ടറിമാർ ടെലിവിഷന്റെ തുക കമ്പനിക്ക് നൽകിയെങ്കിലും ബേഡഡുക്ക പഞ്ചായത്ത് സെക്രട്ടറി ഈ തുക നൽകാതെ വച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | (സി) | ടെലിവിഷൻ കമ്പനിക്ക് ആകെ അനുവദിക്കേണ്ട 15,51,350/- രൂപയിൽ 11,50,000/- രൂപ കെ.എസ്.എഫ്.ഇ. യിൽ നിന്നും 4,01,350/- രൂപ ബഹു. എം എൽ എ യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നുമുള്ളതാണ്. കെ.എസ്.എഫ്.ഇ. യിൽ നിന്നുള്ള 11,50,000/- രൂപ 14.08.2020 തീയതിയിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ബഹു.എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ തുക ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാകുന്നതിന് അസ്സൽ ബില്ലുകൾക്കൊപ്പം, എം.എൽ.എ. യുടെ പേര്, സാമ്പത്തിക വർഷം എന്നിവ ഉൾപ്പെടുത്തിയ സ്റ്റിക്കർ പതിച്ച് ആയത് കാണത്തക്കവിധം പകർത്തിയ ഫോട്ടോ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് 10 സ്ഥാപനങ്ങൾ ലഭ്യമാക്കാത്തതിനാൽ തുക നൽകിയിട്ടില്ല. ടി സ്ഥാപനങ്ങൾ വരുത്തിയ കാലതാമസമാണ് ടെലിവിഷൻ കമ്പനിക്ക് തുക അനുവദിക്കുന്നതിന് തടസ്സമായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | പഞ്ചായത്ത് ഭരണസമിതി തീരുമാനം, കെ.എസ്.എഫ്.ഇ. യുടെ കത്ത്, സ്ഥലം എം.എൽ.എ. യുടെ കത്ത്, എം.എൽ.എ. ഫണ്ട് ഉത്തരവ് എന്നിവ ഉണ്ടായിട്ടും ഫണ്ട് നൽകാതെ പിടിച്ചുവച്ച സെക്രട്ടറിക്കെതിരെ വകുപ്പ്തല അന്വേഷണം നടത്തി അച്ചടക്ക നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ഇത് സംബന്ധിച്ച് സെക്രട്ടറിയുടെ ഭാഗത്ത് നിന്ന് ഏതെങ്കിലും തരത്തിലുള്ള വീഴ്ചയോ ക്രമക്കേടോ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ